മത്സ്യഫെഡ് വഴിയുള്ള പദ്ധതി

മത്സ്യഫെഡ് ഇൻഷ്വറൻസ് പദ്ധതിയിൻ കീഴിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 73 പേർക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്.

(ഡി) 1. മാരക രോഗങ്ങൾ മൂലവും അപകടത്തെ തുടർന്ന് പൂർണ്ണ/ഭാഗിക അവശത സംഭവിച്ചതുമൂലവും മത്സ്യബന്ധനത്തിലേർപ്പെടാൻ കഴിയാത്ത മത്സ്യത്തൊഴിലാളികൾക്ക് പെൻഷനർമാർക്ക് നൽകുന്ന അതേ നിരക്കിൽ പ്രതിമാസ പെൻഷൻ നൽകുന്ന പദ്ധതി

2. മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും അടച്ച വിഹിതത്തിന്റെ ഇരട്ടിയായി റിട്ടയർമെന്റ് ആനുകൂല്യം നൽകുന്ന പദ്ധതി എന്നിവ പുതുതായി ആരംഭിക്കുന്നകാര്യം പരിശോധിച്ചുവരുന്നു.

മത്സ്യമേഖലയുടെ അഭിവൃദ്ധിക്കും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും നടത്തിയ നിയമനിർമ്മാണങ്ങൾ

15 (*495) ശ്രീ. എ. എം. ആരിഫ് :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. വിശ്വൻ :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യമേഖലയുടെ അഭിവൃദ്ധിക്കും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുമായി ഈ സർക്കാർ നടത്തിയ നിയമനിർമ്മാണങ്ങൾ എത്രമാത്രം പ്രയോജനം ചെയ്തിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) ട്രോളിംഗ് നിരോധനകാലത്ത് ഉപരിതല മത്സ്യബന്ധന സംരക്ഷണം ഉറപ്പുവരുത്തിയതുമൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ് ;

(സി) മത്സ്യക്കയറ്റുമതിക്ക് സെസ്സ് ഏർപ്പെടുത്തിയതുമൂലം മത്സ്യത്തൊഴിലാളിക്ഷേമനിധി പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഡി) മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) മത്സ്യമേഖലയുടെ അഭിവൃദ്ധിക്കും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുമായി ഈ സർക്കാർ നടത്തിയ നിയമ നിർമ്മാണങ്ങളുടെ പ്രയോജനം സർക്കാർ തലത്തിൽ വിലയിരുത്തിയിട്ടുണ്ട്. കേരള കടാശ്വാസ കമ്മീഷൻ നിയമപ്രകാരം നിലവിൽവന്ന കടാശ്വാസ കമ്മീഷന്റെ ശുപാർശ പരിഗണിച്ച് സർക്കാർ 126.85 കോടി രൂപയുടെ കടങ്ങൾ എഴുതിതള്ളുകയും

LIBRARY ARCHIVES Kerala Legislative Assembly

56695 കുടുംബങ്ങൾക്ക് കടാശ്വാസം ലഭ്യമാക്കുകയും ചെയ്തു. കടാശ്വാസ നടപടികളുടെ രണ്ടാം ഘട്ടമായി സഹകരണ സ്ഥാപനങ്ങളിൽ നിന്ന് മത്സ്യത്തൊഴിലാളികൾ എടുത്ത കടങ്ങളിൽ തീർപ്പു കൽപ്പിക്കുന്നതിനുള്ള നടപടികൾ കമ്മീഷൻ സ്വീകരിച്ചുവരുന്നു. ഉപരിതല മത്സ്യബന്ധന സംരക്ഷണ നിയമം നടപ്പിലാക്കിയതു വഴി കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ചാള, അയല, നെത്തോലി തുടങ്ങിയ ഉപരിതല മത്സ്യങ്ങൾ പിടിക്കുന്നതിനും അതുവഴി അവരുടെ ഉപജീവനസുരക്ഷയും തൊഴിൽ സുരക്ഷയും ഉറപ്പാക്കുന്നതിനും കഴിഞ്ഞു.

സെസ് ആക്റ്റ് കൊണ്ടുവന്നെങ്കിലും കയറ്റുമതിക്കാരുടെ എതിർപ്പ് തുടരുന്നതിനാലും കോടതി നടപടികൾ ഉണ്ടായതിനാലും സെസ് ഇനത്തിൽ കാര്യമായ തുക പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല. ഇതു മറികടക്കുന്നതിന് നിയമഭേദഗതികൾ ഉൾപ്പെടെയുള്ള മാർഗ്ഗങ്ങളെക്കുറിച്ച് സർക്കാർ പരിശോധന നടത്തിവരികയാണ്.

(ബി) ഇക്കാലയളവിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുവാനും മൺസൂൺ കാലയളവിൽ 'ചാകര' പോലുള്ള അസാമാന്യമായ സമുദ്രോപരിതല മത്സ്യസ്രോതസ്സുകളെ ചൂഷണം ചെയ്യുന്നതുവഴി പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെയും സംസ്ഥാനത്തിന്റെയും വരുമാനം വർദ്ധിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) കടാശ്വാസ പദ്ധതി പ്രവർത്തനം ത്വരിതഗതിയിൽ നടന്നുവരുന്നു.

മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രഭൂമി

16 (*496) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രഭൂമി സംരക്ഷിക്കുന്നതിനും അന്യാധീനപ്പെട്ട ക്ഷേത്രഭൂമി തിരിച്ചു പിടിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഇതിനായി ഒരു ലാന്റ് കൺസർവൻസി യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(സി) ക്ഷേത്രങ്ങൾ മതിൽ കെട്ടി സംരക്ഷിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly